## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5798 25.05.2017- ൽ മറുപടിക്ക്**

## "വ്യവസായ നയം"

**ചോദ്യം**

**ശ്രീ.പി.കെ.ബഷീർ**

**ഉത്തരം**

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ള വ്യവസായ നയത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കുമോ; | എ) | യുവാക്കളെ തൊഴിൽ അന്വേഷകരിൽ നിന്നും തൊഴിൽ ദാതാക്കളാക്കി മാറ്റുക എന്ന ലക്ഷ്യം മുൻ നിർത്തിയും, വ്യവസായ, കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് അനുയോജ്യമായ സാഹചര്യം സൃഷ്ടിക്കുന്നതിന് ഉതകുന്ന തരത്തിലും, പാരിസ്ഥിതിക/ മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാക്കാത്തതും കുറഞ്ഞ വൈദ്യുതി ഉപഭോഗം ആവശ്യമുള്ളതും യുവജനങ്ങൾക്കും സ്ത്രീ സംരംഭകർക്കും കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിലും നിലവിലുള്ള വ്യവസായ നയത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്ത് ഒരു പുതിയ വ്യവസായ നയം നടപ്പിലാക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നു. ആയതിന്റെ കരട് സർക്കാർ സജീവമായി പരിശോധിച്ചു വരുന്നു. |
| ബി) | പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ എങ്ങനെയാണ്; ആയത് ലഘൂകരിച്ച് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) | പുതിയ വ്യവസായ സംരംഭം ആരംഭിക്കുന്നതിനായി കെട്ടിടത്തിന്റെ 'Layout approval' നഗരാസൂത്രണ വകുപ്പിൽ നിന്നും വാങ്ങേണ്ടതാണ്. കെട്ടിട നിർമ്മാണത്തിനുള്ള അനുവാദം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. മലിനീകരണ |

| | | | |
|---|---|---|---|
| | | | നിയന്ത്രണ ബോർഡിൽ നിന്നുള്ള 'Consent to establish' വാങ്ങേണ്ടതും ആവശ്യമാണ്. പൗരന്റെ ആരോഗ്യത്തെ ഹാനികരമായി ബാധിക്കുന്ന ഉല്പന്നങ്ങൾ നിർമ്മിക്കുന്ന സംരംഭങ്ങൾ തുടങ്ങുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറുടെ അനുവാദം വാങ്ങേണ്ടതുണ്ട്. നിബന്ധനകൾ അനുസരിച്ച് നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്ന് നമ്പർ രേഖപ്പെടുത്തിയ ശേഷം വൈദ്യുതി കണക്ഷന് അപേക്ഷിക്കാവുന്നതാണ്. പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ്, മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള Consent to operate എന്നിവ ലഭ്യമാക്കിയ ശേഷം വേണം യൂണിറ്റ് പ്രവർത്തനം ആരംഭിക്കുവാൻ. ഈ ലൈസൻസുകളും ക്ലിയറൻസുകളും ലഭിക്കുന്നതിനുള്ള വേദിയായി ഏകജാലക ക്ലിയറൻസ് ബോർഡുകൾ, കേരള സംസ്ഥാന ഏകജാലക ക്ലിയറൻ ബോർഡ് ആക്ട് പ്രകാരം പ്രവർത്തിക്കുന്നുണ്ട്.<br>വ്യവസായ സംരംഭങ്ങൾക്ക് കാലതാസം കൂടാതെ സംസ്ഥാനത്തെ നിക്ഷേപാന്തരീക്ഷം വ്യവസായ സൗഹൃദമാക്കാൻ ലോകബാങ്ക് നിർദ്ദേശ പ്രകാരമുള്ള ഈസ് ഓഫ് ഡ്യൂയിങ് ബിസിനസ്സ് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ലൈസൻസുകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കുന്നതിനുള്ള നടപടികൾ സർക്കാർ പരിഗണിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**